പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1154 — 13/12/2012 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ മൂത്രപ്പുരകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് മൂത്രപ്പുര സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നിലവിലെ നിയമമനുസരിച്ച് എത്ര കുട്ടികൾക്കാണ് ഒരു മൂത്രപ്പുര എന്ന് വ്യക്തമാക്കാമോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ച് ഒരു മൂത്രപ്പുര 20 മുതൽ 40 കുട്ടികൾക്കു വരെ (ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം) ഉപയോഗിക്കാവുന്നതാണ്. |
| സി) എല്ലാ സ്ക്കൂളുകളിലും കുട്ടികൾക്കുള്ള മൂത്രപ്പുര സൗകര്യങ്ങൾ ആവശ്യത്തിനുണ്ടെന്ന് ഉറപ്പ് വരുത്തുമോ ; | (സി) | ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, മൂത്രപ്പുര, ശൗച്യാലയം മുതലായവ ആറു മാസത്തിനുള്ളിൽ ഉറപ്പുവരുത്തണമെന്ന് എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്ക്കൂളുകളിൽ ഇതിനെ സംബന്ധിച്ച് പരിശോധന നടത്തുവാൻ ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിക്കുമോ ? | (ഡി) | സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശനവേളകളിൽ, പ്രസ്തുത സ്കൂളുകളിൽ ടോയ്‌ലറ്റുകളും, യൂറിനലുകളും, കുടിവെള്ള ലഭ്യതയും വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഉണ്ടെന്നും, ആയത് വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. ആവശ്യമായിവരുന്ന പക്ഷം ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

Sajikumar.N

സെക്ഷൻ ഓഫീസർ